മലയാള മനോരമ
15 March 1979

# വൈപ്പിൻ വളപ്പിൽ ചെമ്മീൻ കൃഷി

**കൊച്ചി:** വൈപ്പിൻ വളപ്പിൽ 110 ഹരിജൻ കുടുംബങ്ങൾ ചെമ്മീൻ കുട്ടുകൃഷി തുടങ്ങി. "പരീക്ഷണശാലയിൽനിന്നു പാടത്തേക്ക്" ഇറങ്ങിച്ചെന്നു സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ടാണ് എട്ട് ഏക്കറിൽ കൃഷി ആസൂത്രണം ചെയ്തത്.

നാരൻ ചെമ്മീനോടൊപ്പം കരിമീനും തിരുതയും പാടത്തിറക്കിയിട്ടുണ്ട്. ഒരു മാസത്തിനകം "വിളവ്" എടുക്കാനാകും.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. എം. എസ്. സ്വാമിനാഥൻ പദ്ധതി ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ ഫിലിപ്പോസ് തോമസ് ആധ്യക്ഷ്യം വഹിച്ചു.

വൈപ്പിനിലും നീണ്ടകരയിലും ഏതാനും കുടുംബങ്ങൾക്കു കൂടി ചെമ്മീൻ കൃഷിയിറക്കാൻ സാങ്കേതിക സഹായം നൽകുമെന്നു സി. എം. എഫ്. ആർ. ഐ. ഡയറക്ടർ ഡോ. ഇ. ജി. സൈലസ് പറഞ്ഞു.

കല്ലുമ്മക്കായ [മസെൽസ്], മുരിങ്ങ [ഓയിസ്റ്റർ], കടൽപ്പോച്ച എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് സാങ്കേതിക സഹായം നൽകുന്നുണ്ട്.

ഞാറയ്ക്കൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 398 പേർക്കു ചെമ്മീൻ കൃഷിയിലും മറ്റും പരിശീലനം നൽകിയതായി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

ഹരിജൻ സൊസൈറ്റി വൈസ് പ്രസിഡന്റ് പി. കെ. സ്കന്ദൻ സ്വാഗതവും ഡോ. വി. ബാലകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു.